**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.465

29.06.2016 -ൽ മറുപടിയ്ക്ക്

## ബേക്കൽ ടൂറിസം വികസനം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | ഉത്തരം<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് നിരവധി വികസന പ്രവർത്തനങ്ങൾ ഇതിനോടൊപ്പം തന്നെ നടത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ (ബേക്കൽ കടലോരം ഉൾപ്പെടുന്ന) നാല് പഞ്ചായത്തുകൾ ഉൾപ്പെട്ട പദ്ധതി പ്രദേശത്ത് ബിആർഡിസി ഏറ്റെടുത്ത 235.58 ഏക്കർ സ്ഥലത്തിൽ 205 -ഓളം ഏക്കർ റിസോർട്ടുകളുടെ നിർമ്മാണത്തിനായി അനുയോജ്യമായ ആറ് റിസോർട്ട് സൈറ്റുകളായി തിരിച്ച് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി ആറ് സൈറ്റുകളും റിസോർട്ട് നിർമ്മാണത്തിനായി ദീർഘകാല പാട്ട വ്യവസ്ഥയിൽ കൈമാറി കഴിഞ്ഞു. ഇതിൽ രണ്ട് റിസോർട്ടുകൾ (ലളിത് റിസോർട്ട് & സ്പാ, താജ് വിവാന്ത ബേക്കൽ) പ്രവർത്തനമാരംഭിച്ചു. ബാക്കിയുള്ള റിസോർട്ടുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.<br>കൂടാതെ താഴെപ്പറയുന്ന വികസന പദ്ധതികളും പരിഗണനയിലാണ്.<br>• പള്ളിക്കരയിൽ ബി.ആർ.ഡി.സി യുടെ ആസ്ഥാന മന്ദിരം നിർമ്മാണം<br>• ബേക്കൽ ഫോർട്ട് സോൺ വികസനം<br>• ബേക്കൽ ഫോർട്ട് ബീച്ച് നവീകരണം<br>• കോട്ടപ്പുറം ബോട്ട് ടെർമിനൽ വികസനം<br>• ബേക്കൽ കുടിവെള്ള വിതരണ പദ്ധതി |

| | | | |
|---|---|---|---|
| | | | വിപുലീകരണം<br>• ബേക്കൽ എയർസ്ട്രിപ്പ്<br>• ബേക്കൽ സൗത്ത് ബീച്ച് ഒരു സമ്പൂർണ്ണ ഉല്ലാസ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതി<br>• ബേക്കൽ അടിസ്ഥാനമാക്കിയുള്ള ടൂറിസം പ്രമോഷൻ പരിപാടികൾ<br>• മോഡൽ ബസ് സ്റ്റേഷനുകൾ<br>• ബേക്കൽ തീരത്ത് ലൈഫ് ഗാർഡുകൾ<br>• ബേക്കൽ തീരത്ത് ശുചീകരണ സ്ക്വാഡുകൾ<br>• ബേക്കലിൽ യൂത്ത് ഹോസ്റ്റൽ<br>• ബേക്കലിൽ ടൂറിസം വിദ്യാഭ്യാസ സ്ഥാപനങ്ങൾ |
| ബി) | സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണം, സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് കഴിഞ്ഞ അഞ്ച് വർഷവും തുറന്ന് കൊടുക്കാൻ സാധിക്കാതെ അനാഥമായി കിടക്കുന്ന പാർക്ക്, ബേക്കൽ എയർസ്ട്രിപ്പ് എന്നിവ യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസംബർ മാസത്തോടെ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.<br>ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് പുല്ലൂർ പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| സി) | ബി ആർ ഡി സി (ബേക്കൽ റിസോർട്ട് ഡവലപ്പ്മെന്റ് കോർപ്പറേഷൻ) മറ്റേതെങ്കിലും ജില്ലകളിലെ പ്രൊജക്ട് കഴിഞ്ഞ വർഷം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന് ബി ആർ ഡി സി തുക ചിലവഴിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | സി) | ബി.ആർ.ഡി.സി മറ്റേതെങ്കിലും ജില്ലകളിലെ പ്രോജക്ട് കഴിഞ്ഞ വർഷം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. 2013-ൽ കോട്ടയത്ത് ഗ്രീൻ ടൂറിസം സർക്യൂട്ട് പ്രോജക്ട് നടപ്പിലാക്കുവാൻ ബി.ആർ.ഡി.സിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ പദ്ധതി 2014-ൽ ബി.ആർ.ഡി.സി കോട്ടയത്തെ ഗ്രീൻ ടൂറിസം സർക്യൂട്ടിനെ (ജി.ടി.സി) ഏൽപ്പിച്ചു. 2013-ൽ ആരംഭിച്ച കണ്ണൂർ ഹുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഈ പ്രവർത്തികൾക്ക് ബി.ആർ.ഡി.സി. തുക ചിലവഴിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ഗ്രീൻ ടൂറിസം സർക്യൂട്ട് പ്രൊജക്ട്കൊണ്ട് ബി ആർ ഡി സി ക്ക് എന്ത് ഗുണമാണുള്ളതെന്ന് വിശദമാക്കാമോ; പദ്ധതി ഏറ്റെടുത്തിന്റെ കാരണം അറിയിക്കാമോ? | ഡി) | ഗ്രീൻ ടൂറിസം സർക്യൂട്ട് പ്രൊജക്ട് ബി ആർ ഡി സി വഴിയാണ് നടപ്പാക്കുന്നത്. ജി.ഒ(ആർ.ടി) നം.6127/13/ടി.എസ്.എം തീയതി 23.07.2013 എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി ബി.ആർ.ഡി.സിയെ ഏൽപ്പിച്ചത്. |

സെക്ഷൻ ഓഫീസർ